**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5776** **08-11-2021 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ-ചെറുകിട-ഇടത്തരം- വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളേയും ഒപ്പം കുടുംബശ്രീ തുടങ്ങിയ സർക്കാർ വിപണന ശൃംഖലയേയും അടുത്ത കാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും ഒപ്പം കോവിഡും എപ്രകാരം ബാധിച്ചു എന്നും, വ്യവസായ മേഖലയ്ക്കുണ്ടായ തകർച്ചയുടെ വ്യാപ്തി എത്രയാണെന്നും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കോവിഡ്- 19 ഉം അടുത്ത കാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്ക് സാരമായ ദോഷം സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ വ്യവസായ വകുപ്പ് നടത്തിയിട്ടില്ല. കോവിഡ്-19 പകർച്ചാവ്യാധിമൂലം രാജ്യം മുഴുവൻ ലോക്ക്ഡൗൺ പ്രഖ്യാപിക്കുകയും അത് സംരംഭമേഖലയിൽ, ഉത്പാദനവും സേവനവും പെട്ടെന്നു നിർത്തിവയ്ക്കേണ്ട സാഹചര്യം സംജാതമാക്കുകയും ചെയ്തു. കോവിഡ് മൂലമുള്ള പ്രതിസന്ധി കേരളത്തിലെ സംരംഭങ്ങളെ മൂന്നു രീതിയിൽ ബാധിച്ചതായി കണക്കാക്കാം. 1) രാജ്യ വ്യാപകമായി പ്രഖ്യാപിച്ച ലോക്ക്ഡൗൺ, ഉത്പാദനമേഖലയ്ക്കും ബിസിനസുകൾക്കു നേരിട്ടുള്ള നഷ്ടത്തിന് കാരണമായി. 2) ഗതാഗതത്തിലെ തടസ്സങ്ങൾ വിതരണ ശൃംഖലയിലും നഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 3) കേരളത്തിലും മറ്റിടങ്ങളിലും ഉത്പ്പന്നങ്ങൾക്കുള്ള ആവശ്യകത കുറഞ്ഞത് മൂലം നഷ്ടം ഉണ്ടായിട്ടുണ്ട്. |
| (ബി) | ആഗോള വ്യവസായ കുത്തകകൾ ഓൺലൈൻ കച്ചവടം വ്യാപിപ്പിയ്ക്കുന്നത് സംസ്ഥാനത്തിന്റെ അടിസ്ഥാന കച്ചവട മേഖലയെ എപ്രകാരം ബാധിയ്ക്കുന്നു എന്നതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരളത്തിലെ ചില്ലറ വ്യാപാര മേഖലയിൽ ചെറുകിട വ്യവസായികൾ നേരിടുന്ന പരാതികളെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനും അവർ നേരിടുന്ന പരാതികൾ ശേഖരിക്കുന്നതിനുമായി സംസ്ഥാനത്തെ റീട്ടെയിൽ ബിസിനസുകാരുടെ പ്രതിനിധികളുമായി സംവേദനാത്മക മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 2021 സെപ്റ്റംബർ 28 ന് നടന്ന പുനഃസംഘടിപ്പിച്ച വാണിജ്യ മിഷന്റെ ആദ്യ യോഗത്തിൽ തീരുമാനിച്ചതിൻപ്രകാരം കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കോഴിക്കോട് ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ, തൃശ്ശൂർ ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ, കേരള വ്യാപാരി വ്യവസായി |

സമിതി പ്രതിനിധി, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രതിനിധി തുടങ്ങിയ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വാണിജ്യ മിഷന്റെ അടുത്ത മീറ്റിംഗിൽ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിക്കുന്നതാണ്. സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും ആ മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനുമുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നു. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (KIED) ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിയ്ക്കുന്നതിനും പ്രോത്സാഹിപ്പിയ്ക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. 1. സംരംഭക സഹായ പദ്ധതി(ESS) 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് 4. പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള സഹായപദ്ധതികൾ a). Revival and rehabilitation scheme for defunct MSMEs and cashew processing units b). The Kerala stressed MSMEs Revival & Rehabilitation Scheme 5. കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കായി നടപ്പിലാക്കുന്ന വ്യവസായ ഭദ്രത പലിശയിളവ് പദ്ധതി (Scheme for Interest Subvention on Term Loan and working

| | | | |
|---|---|---|---|
| | | | capital loan) 6. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി 7. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി 8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) 9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി. |
| (സി) | ഇതിൽ നിന്നും ചെറുകിട-ഇടത്തരം- സർക്കാർ നിയന്ത്രണ വ്യവസായ മേഖലയെ സംരക്ഷിക്കാനും സഹായം ഉറപ്പ് വരുത്താനുമായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | കേരളത്തിലെ ചില്ലറ വ്യാപാര മേഖലയിൽ ചെറുകിട വ്യവസായികൾ നേരിടുന്ന പരാതികളെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനും അവർ നേരിടുന്ന പരാതികൾ ശേഖരിക്കുന്നതിനുമായി സംസ്ഥാനത്തെ റീട്ടെയിൽ ബിസിനസുകാരുടെ പ്രതിനിധികളുമായി സംവേദനാത്മക മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 2021 സെപ്റ്റംബർ 28 ന് നടന്ന പുനഃസംഘടിപ്പിച്ച വാണിജ്യ മിഷന്റെ ആദ്യ യോഗത്തിൽ തീരുമാനിച്ചതിൻപ്രകാരം കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കോഴിക്കോട് ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ, തൃശ്ശൂർ ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ, കേരള വ്യാപാരി വ്യവസായി സമിതി പ്രതിനിധി, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രതിനിധി തുടങ്ങിയ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വാണിജ്യ മിഷന്റെ അടുത്ത മീറ്റിംഗിൽ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിക്കുന്നതാണ്. സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും ആ മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനുമുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നു. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (KIED) ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലന പരിപാടികൾ |

| | | | | |
|---|---|---|---|---|
| | | | | നടപ്പിലാക്കി വരുന്നു.  കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിയ്ക്കുന്നതിനും പ്രോത്സാഹിപ്പിയ്ക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. 1. സംരംഭക സഹായ പദ്ധതി(ESS) 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് 4. പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള സഹായപദ്ധതികൾ a). Revival and rehabilitation scheme for defunct MSMEs and cashew processing units b). The Kerala stressed MSMEs Revival & Rehabilitation Scheme 5. കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കായി നടപ്പിലാക്കുന്ന വ്യവസായ ഭദ്രത പലിശയിളവ് പദ്ധതി (Scheme for Interest Subvention on Term Loan and working capital loan) 6. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി 7. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി 8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) 9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി. |

സെക്ഷൻ ഓഫീസർ